# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1173** 20.3.2012 **ൽ മറുപടിക്ക്**

## <u>മരാമത്ത് മാന്വൽ പരിഷ്ക്കരണം</u>

**ചോദ്യം**

ശ്രീ. ഡൊമിനിക്
പ്രസന്റേഷൻ:
ശ്രീ.വർക്കല കഹാർ
ശ്രീ.എ.റ്റി. ജോർജ്
ശ്രീ. കെ.മുരളീധരൻ

**ഉത്തരം**

**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**
**(മരാമത്ത്‌വകുപ്പു മന്ത്രി)**

(എ)സംസ്ഥാനത്ത് നിലവിലുള്ള മരാമത്ത് മാന്വൽ പരിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) നിർമ്മാണ നിലവാരം ഉറപ്പാക്കാൻ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

(എ). പൊതുമരാമത്ത് വകുപ്പ് മാന്വൽ പരിഷ്ക്കാരം പൂർത്തിയായിട്ടുണ്ട്

(ബി) യും (സി) യും • നിർമ്മാണ നിലവാരം ഉറപ്പാക്കാനായി മേജർ പണികളുടെ കരാർ പ്രമാണം പുതുക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം ഓരോ പണികൾക്കും പ്രത്യേകമായി യോഗ്യതാ മാനദണ്ഡങ്ങൾ നിർദ്ദേശിച്ച് ദർഘാസ് പ്രമാണത്തിൽ തന്നെ ഉൾക്കൊള്ളിക്കും. കരാറുകാരുടെ കരാർ സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കാനുള്ള പ്രീ-ബിഡ് മീറ്റിംഗ് ഉണ്ടായിരിക്കും. ഒരു നിർദ്ദിഷ്ട ശതമാനത്തേക്കാൾ കുറഞ്ഞു ക്വോട്ടു ചെയ്താൽ പണി നിശ്ചിത ശതമാനത്തിൽ ചെയ്യുമെന്ന് ഉറപ്പുവരുത്താനായി അധിക തുക ഗ്യാരണ്ടിയായി വയ്ക്കേണ്ടിവരും. കരാറുകാർ ബിൽ സമർപ്പണ വേളയിൽ ഗുണനിലവാര സർട്ടിഫിക്കറ്റ് കൂടി നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പണികൾ തീരുന്ന മുറയ്ക്ക് ഒരു വിദഗ്ദ ഏജൻസിയെ കൊണ്ട് ടെക്നിക്കൽ ആഡിറ്റ് നടത്തി ആവശ്യമെങ്കിൽ നടപടികൾ സ്വീകരിക്കും